

# പട്ടം

**Digital Magazine 2019-20**

**Little Kites GHSS Niramaruthur**



നമ്മുടെ ലിറ്റിൽ കൈറ്റ്സ് സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.ലിറ്റിൽകൈറ്റ്സ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും

രവികുമാർ എസ്

ഹെഡ്മാസ്റ്റർ.



***CP KRISHNAN   Deputy HM***




***MUSTHAFA  P  PTA President***

# എഡിറ്റോറിയൽ ബോർഡ്



മുഹ്‌ലിഹ് ജമീൽ - സ്റ്റുഡന്റ് എഡിറ്റർ

















# മുഖമൊഴി

വേനലും വർഷവുമായി കാലം ഓടിമറയുമ്പോൾ
ഞങ്ങളുടെ മനസ്സിൽകോറിയിട്ട
വിഹ്വലതകളും, നൊമ്പരങ്ങളും ,സ്വപ്നങ്ങളും ,സന്തോഷങ്ങളുമാണ്
ഇവിടെ വരച്ചുചേർത്തിട്ടുള്ളത്.
അത് വിവരസാങ്കേതികവിദ്യുടെ കൈപിടിച്ചുകൊണ്ടാണ്
എന്നതിൽ ഞങ്ങളേറെ അഭിമാനിക്കുന്നു
സാധാരണക്കാരായ ഞങ്ങൾക്കും
അതിനായല്ലോഎന്നതിൽഏറെ സന്തോഷിക്കുകയും ചെയ്യുന്നു
അതിനു വഴിയൊരുക്കിത്തന്ന ലിറ്റിൽകൈറ്റ്സ് ക്ലബിനെ
നന്ദിയോടെ സ്മരിക്കുന്നു
തെറ്റുകളും കുറവുകളും അപൂർണ്ണത വരുത്തിയിട്ടുണ്ടായിരിക്കാം
എങ്കിലും
വിവരസാങ്കേതികവിദ്യാകാലത്തെവായനക്കായ്
സ്നേഹത്തോടെ............
അതിലേറെ വിനയത്തോടെ....
സമർപ്പിക്കട്ടെ

എഡിറ്റർ

# സമർപ്പണം

കളിച്ചും ചിരിച്ചും കഥപറഞ്ഞും
വിദ്യാലയ വിശേഷങ്ങളുടെ
ആഹ്ളാദനിമിഷങ്ങളിൽ,
യാത്രാമൊഴിക്കു പോലും
സമയമില്ലാതെ
പറന്നുപോയ്ക്കളഞ്ഞ
നമ്മുടെ പ്രിയക്കൂട്ടുകാരൻ
ഹംദാന്.......



# Table of Contents

ചരിത്രം പ്രൗഢോജ്ജ്വലം....................7
വിടരാതെ കൊഴിയട്ടെ ഞാൻ....................13
THE HARE AND THE TORTOISE....................14
എന്റെ ഗുരു....................16
പ്രണയം....................21
ഒരു പുഞ്ചിരി....................24
ഓർമ്മകളിലെ ചാറ്റൽ മഴകൾ....................25
പൂവാണു ഞാൻ....................28
ഓർമകളിലേക്കുള്ള യാത്രകൾ....................29
വേഷങ്ങൾ....................32
തീരാബാല്യം....................34
The Ant And The Dove....................36
രാമു....................38
പ്രകൃതി കാതോർക്കുന്നു....................41
പച്ചകുത്തിയ കടൽ....................52
ഒടുക്കം....................54

## ചരിത്രം പ്രൗഢോജ്ജ്വലം

ജ്ജൂൺ ഒന്നാം തിയ്യതി നിറമരുതൂർ സ്കൂളിലെ പ്രധാന അധ്യാപകനായി ചുമതലയേൽക്കുമ്പോൾ,കേരളത്തിലെ മറ്റേതൊരു സർക്കാർപള്ളിക്കൂടത്തേയും പോലെ ഒരു പള്ളിക്കൂടം എന്നാണ് ഞാൻ ധരിച്ചത്.അന്ന ഞാനറിഞ്ഞില്ല ഞാനാദരിക്കപ്പെട്ടിരിക്കുന്നവെന്ന്.ദിവസങ്ങൾക്കുശേഷം സ്കൂളിന്റെ ചരിത്രം അറിഞ്ഞപ്പോഴാണ് ഞാൻ എത്രമാത്രം ആദരിക്കപ്പെട്ടിരിക്കുന്ന എന്ന് തിരിച്ചറിയുന്നത്.ഒരു അധ്യയനവർഷം കുറഞ്ഞകാലയളവാണ്.എങ്കിലും നിറമരുതൂർ സ്കൂളിന്റെ പ്രധാനധ്യാപകൻ എന്ന പദവി എന്നെ ആവേശഭരിതനാക്കുന്നു. ചെറുതായെങ്കിലും ഞാനൊരു അഹങ്കാരിയായി മാറുന്നില്ലേ എന്നൊരു തോന്നൽ.

പ്രധാനധ്യാപകനിൽ മാത്രമല്ല ഏതൊരു ജീവനക്കാരനിലും,വിദ്യാർത്ഥിയിലും അഹങ്കാരം ജനിപ്പിക്കുന്നതാണ് ഈ സ്കൂളിന്റെ ചരിത്രം.കേരളത്തിന്റെനവോത്ഥാന ചരിത്രത്തിലെ മഹത്തായ ഒരേടാണ് നമ്മുടെ സ്കൂളിന്റെ ചരിത്രം.രാഷ്ട്ര പിതാവായ മഹാത്മജിയുടെ നേതൃത്വത്തിൽ സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിനെതിരേയും മനുഷ്യമനസ്സിലെ മതിലുകൾക്കെതിരേയും സഹനസമരം കൊടുമ്പിരിക്കൊണ്ടിരുന്ന കാലം.അതിന്റെ അലയൊലികൾ സ്വാഭാവികമായും നിറമരുതൂരെന്ന നമ്മുടെ ഗ്രാമത്തിലും എത്തിച്ചേർന്നു. സാംസകാരിക നവോത്ഥാനത്തിൽ വിദ്യാഭാസത്തിനുള്ള പങ്ക് എന്തെന്ന് തിരിച്ചറിഞ്ഞുകൊണ്ട് സമൂഹത്തിലെ ഒരു വിഭാഗത്തിന് നിഷിദ്ധമെന്ന് വിധിച്ചിരുന്ന വിദ്യാഭ്യാസം സാർവത്രികമാക്കാൻ ശ്രമിച്ചപ്പോൾ ,സ്വാഭാവികമായുണ്ടായ എതിർപ്പുകളെ പരാജയപ്പെടുത്തി ജന്മം കൊണ്ട ഒരു മഹത്തായസ്ഥാപനത്തിന്റെ ഇന്നത്തെ അവകാശികളാണ് നാം ഓരോരുത്തരും.

1921-ൽ നിറമരുതൂർ വള്ളിക്കാഞ്ഞിരം പ്രദേശത്ത് മലബാർലോക്കൽ ബോഡിയുടെ കീഴിൽ ഒരുസ്കൂൾ നിലനിന്നിരുന്നു.പറവന്നൂർ പണിക്കന്മാരുടെ

ഉടമസ്ഥതയിലുള്ള കെട്ടിടത്തിലായിരുന്ന സ്കൂൾ പ്രവർത്തിച്ചിരുന്നത്.
സവർണവിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുമാത്രമേ അന്നവിടെ പ്രവേശനം ഉണ്ടായിരുന്നുള്ളൂ.

"പഠിക്കാനുള്ള അവകാശം സവർണനുമാത്രമല്ല,എല്ലാ മനുഷ്യർക്കുമുണ്ട്. അതിനാൽ സവർണ അവർണ വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും പഠിക്കാനുള്ള അവസരം ഒരുക്കണം ."

നമ്മുടെ ദേശിയ നേതാക്കളുടെ ത്യാഗോജ്ജ്വലമായ സഹനസമരത്തിന്റെ ഫലമായി അന്നത്തെ ഭരണകൂടത്തിന് ഇത്തരത്തിലൊരുത്തരവ് പുറപ്പെടുവിക്കേണ്ടിവന്നു. എല്ലാവിഭാഗം കുഞ്ഞുങ്ങൾക്കും പഠനസൗകര്യമൊരുക്കണമെന്ന നിർദ്ദേശം കെട്ടിട ഉടമകളായിരുന്ന പറവന്നൂർ പണിക്കന്മാർ നിഷ്കരുണം തള്ളിക്കളഞ്ഞു.ജാതിമത ഭേദമെന്യേ എല്ലാ കുട്ടികളേയും പഠിപ്പിക്കാൻ തന്നെ അനുവദിക്കണമെന്ന അപേക്ഷയുമായി സമീപിച്ച അന്നത്തെ പ്രധാനധ്യാപകൻ ശ്രീ ഗോപാലൻ നായരോട് "അത് ഇവിടെ നടക്കില്ല മറ്റൊരുസ്ഥലം അന്വേഷിച്ചോളൂ"എന്ന്നിർലജ്ജം, നിഷ്കരുണം മൊഴിയുമ്പോൾ ഒരു ചരിത്രരചനക്കുള്ള സന്ദർഭം ഒരുങ്ങുകയാണെന്ന് പറഞ്ഞവരും, കേട്ടവരും കരുതിയില്ല.

പരിഹാസത്തിന്റെ  കൂരമ്പുകളേറ്റ് തകർന്നമനസ്സോടും,തന്റെ ജീവനോപാധി നഷ്ടപ്പെടുന്നതിലുള്ള ദുഃഖത്തോടും,നമ്രശിരസ്കനായി നിറമരുതൂരിന്റെ ഗ്രാമവീഥിയിലൂടെ നടന്നുനീങ്ങിയ അന്നത്തെ പ്രധാനധ്യാപകൻ ഭാഗ്യവശാൽ ചെന്നു പെട്ടത്ഗാന്ധിയനും, മനുഷ്യസ്നേഹിയുമായിരുന്ന ശ്രീ മങ്ങാട്ടു കൃഷ്ണൻനായരുടെ മുന്നിലായിരുന്നു.

"എന്താ മാഷേ മുഖത്തൊരു വല്ലായ്മ " എന്ന ചോദ്യം കേട്ട് തലയുയർത്തി നോക്കിയ ഗോപാലൻനായർകണ്ടത് ഒരു അവതാരപുരുഷനെത്തന്നെയാണ്.തന്റെ മനോവിഷമം വിവരിച്ച ഗോപാലൻനായരോട് കുട്ടിക്കൃഷ്ണൻ നായർ പറഞ്ഞ മറുപടി ഇന്നും ഇവിടെ മുഴങ്ങുന്നില്ലേ? അല്ലെങ്കിൽ മുഴങ്ങേണ്ടതല്ലേ എന്ന് ഞാൻ ന്യായമായും സംശയിക്കുന്നു.

"ചിലരുടെ തലയിൽ വെളിച്ചം വീഴാൻ ഇനിയും സമയമെടുക്കും. കുഞ്ഞുങ്ങളെ പഠിപ്പിക്കുകയെന്നത് നമ്മുടെ കർത്തവ്യമാണ്.അതിനുനമുക്ക്സൗകര്യമൊരുക്കാം."

തന്റെ തറവാട്ടുവക സ്ഥലത്ത് വീടിനോട് ചേർന്ന് സ്കൂൾ പ്രവർത്തിക്കാൻ അനുമതിനൽകിയ കുട്ടിക്കൃഷ്ണൻനായർ ഒരു ചരിത്രം രചിക്കുകയായിരുന്നു. തൊട്ടടുത്ത

ദിവസം മുതൽ പ്രവർത്തിച്ചു തുടങ്ങിയ സ്കൂളിൽ പഠിക്കാനെത്തിയത് 12 കുട്ടികൾ മാത്രമായിരുന്നു. എങ്കിലും വർഗ്ഗീയഭ്രാന്തൻമാർ മനുഷ്യമനസ്സിൽ പണിതുയർത്തിയ മതിലുകൾ തകർത്തെറിഞ്ഞ്,സമത്വസുന്ദരമായ ഒരു നാളെയസ്വപ്നംകണ്ട്, പീഢിതരോടോപ്പം ചേർന്നിരുന്നു പഠിക്കാൻ തയ്യാറായ മഹത്തുക്കളെ സ്മരിക്കാതിരുന്നാൽ അതൊരു നന്ദികേടായിപ്പോകും.

1922-ൽസ്കൂൾ ,മലബാർ ലോക്കൽബോഡി ഏറ്റെടുത്തു.മങ്ങാട്ടു വക പറമ്പിൽ പോസ്റ്റോഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ് ആദ്യം സ്കൂൾ പ്രവർത്തിച്ചു തുടങ്ങിയത്.മനുഷ്യസ്നേഹികളും നവോത്ഥാന നായകരുമായിരുന്ന ആദ്യകാല അധ്യാപകരുടെ ശ്രമഫലമായി നാട്ടുകാരുടെ സഹകരണത്തോടെ ഇപ്പോൾ യു പി വിഭാഗം പ്രവർത്തിക്കുന്ന സ്ഥലം വാങ്ങി സർക്കാരിനു സമർപ്പിച്ചു പ്രസ്തുതസ്ഥലത്ത് സർക്കാർനിർമ്മിച്ചു നൽകിയ കെട്ടിടത്തിലേക്ക് സ്കൂളിന്റെ പ്രവർത്തനം മാറ്റപ്പെട്ടു.1957-ൽ യു പി സ്കൂളായും,1981-ൽ ഹൈസ്കൂളായും 2004-ൽ ഹയർ സെക്കന്ററി സ്കൂളായും ഉയർത്തപ്പെട്ടു.ഇപ്പോൾ ഹൈസ്കൂൾ പ്രവർത്തിക്കുന്ന സ്ഥലം ഇന്നാട്ടിലെ സുമനസ്സുകളായ കുടുംബങ്ങൾ സ്കൂളിന് സംഭാവന നൽകിയതാണെന്നത് ഇന്നാട്ടുകാരുടെ സാമൂഹിക പ്രതിബദ്ധതയുടെ മകുടോദാഹരണമാണ്.

നിറമരുതൂർ ഗവ: ഹയർ സെക്കന്ററി സ്കൂളിന്റെ ചരിത്രത്തിൽ നിറഞ്ഞു നിൽക്കുന്ന അധ്യാപകരും പ്രധാനധ്യാപകരും നിരവധിയാണ്.ശ്രീ ഗോപാലൻ നായർ,ശ്രീമതി.വി.സി കമലം, സർവശ്രീ.കുഞ്ഞിബാവ,രാജഗോപാലൻ നായർ, ബഷീർ,സുകമാരൻ,അബ്ദുറഹിമാൻകുന്നത്ത്,മുഹമ്മദ്അസ്ലം,ശ്രീമതി മല്ലിക എന്നീ പ്രതിഭാധനരും ,മനുഷ്യസ്നേഹികളുമായ അധ്യാപകരുടെ സേവനം എന്നെന്നും സ്മരിക്കപ്പെടേണ്ടതാണ്.സ്കൂളിന്റെ പുരോഗതിക്കായി സ്തുത്യർഹമായ സംഭാവനകൾ നൽകിയ ശ്രീ ബാവാക്ക,ശ്രീ പി ഇസ്മായിൽ എന്നീ പി ടി എ പ്രസിഡന്റ്മാരുടെ സേവനവും സ്മരണീയമാണ്.

ഇന്ത്യയുടെ കായിക ഭൂപടത്തിൽ നിറമരുതൂരിന് ഒരു മഹനീയ സ്ഥാനം നേടിക്കൊടുക്കുന്നതിന് കാരണക്കാരനായ കായികാധ്യാപകൻ ശ്രീ സാം തോമസിനേയും

ഇത്തരുണത്തിൽ സ്മരിക്കുന്നു. അനേകമനേകം ഖൊ-ഖൊ താരങ്ങളെരാജ്യത്തിനും സംസ്ഥാനത്തിനും സംഭാവന ചെയ്യാൻ നമ്മുടെ സ്കൂളിനെ പ്രാപ്തമാക്കിയത് അദ്ദേഹമാണ്.

സ്വാതന്ത്ര്യ സമരത്തിന്റേയും നവോത്ഥാന മുന്നേറ്റത്തിന്റേയും ചരിത്രമാണ് നമ്മുടെ സ്കൂളിന്റെ ചരിത്രമെന്നത് ഈസ്കൂളിന്റെ ഭാഗമാകാൻ ഭാഗ്യം സിദ്ധിച്ച ഓരോ അധ്യാപകനേയും, അനധ്യാപകനേയും മാത്രമല്ല ഓരോ വിദ്യാർഥിയേയും അഭിമാനാർഹരാക്കുന്നു. സ്കൂളിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ടത് നമ്മുടെ കടമയാണെന്ന് നാം തിരിച്ചറിയണം.സാമൂഹ്യ വിരുദ്ധരുടെ ആക്രമണങ്ങളെ പ്രതിരോധിച്ച്,ഈ മഹത്തായ വിദ്യാലയത്തെ കണ്ണിലെ കൃഷ്ണമണി പോലെ സംരക്ഷിക്കുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം. നമ്മുടെ സ്കൂളിന് പറയാനുള്ളത് മനുഷ്യസ്നേഹത്തിന്റെ ചരിത്രമാണ് .ഇവിടെ നിന്നും നമുക്ക് പഠിക്കാനുള്ളത് ഒരുമയുടെ,സാഹോദര്യത്തിന്റെ ,സ്നേഹത്തിന്റെ ,ക്ഷമയുടെ , നവോത്ഥാനത്തിന്റെ ,മതേതരത്വത്തിന്റെ ,സമന്വയത്തിന്റെ പാഠങ്ങളാണ്.



# വായനാദിനം





## വിടരാതെ കൊഴിയട്ടെ ഞാൻ



താഴെക്കടിഞ്ഞ എല്ലാ പൂക്കളും
എടുക്കരുത്.......
കൊഴിഞ്ഞു വീഴുന്നത്
സഹിക്കാനാകാത്തവയും ഉണ്ട്......
പൂമ്പാറ്റയുടെ വിശപ്പിനെ
സ്നേഹമെന്ന് കരുതിപ്പോയതുകൊണ്ട്......
മധുരം ബാക്കിയില്ലാതെ
കയ്പായി മാറി,

താഴേക്കടിയുമ്പോൾ വേദനി-
ക്കുന്നത്...... ഞാനല്ലാതെ
ആരറിയുന്നു......?
വേദനിച്ചതോ...... നൊന്തുപോയതോ
അവരറിയണ്ട...... അടുത്ത പൂവിന്റെ
മനോഹാരിതക്കായി കാത്തിരയ്ക്കട്ടെ അവർ......

വെയിലേറ്റു വാടുമ്പോൾ വേദനിക്കുന്നു......
പിച്ചിക്കളയുമ്പോഴും ചവിട്ടിയരക്കുമ്പോഴും
പൊട്ടിപ്പോകുകയാണീ കുഞ്ഞു ഹൃദയം......
വിടരാതെ കൊഴിയട്ടെ.......
കൊതിതീരാതെ അടർന്നു വീഴാൻ
വയ്യെനിക്ക്.......

മഹ്റി സി

(സ്കൂൾ യുവജനോൽസവത്തിൽ സമ്മാനാർഹമായത്)

# THE HARE AND THE TORTOISE

A hare met a tortoise walking very slowly towards the market. The proud hare made fun of the slow tortoise. But the tortoise was good natured and replied “I may have small feet but I can beat you in a race.” The proud hare laughed and thought “I can beat him with in a second.” so he readily agreed to the race. The next day, uncle elephant, who was the judge of the jungle, began the race by shouting “Get! Set! Go!.” When the hare had covered half of the distance he looked back and saw the tortoise far, the behind. The hare thought “let me take a nap. I can run fast and easily win this race.” He sat under a tree and dropped off. When the tortoise passed, he found the hare sleeping. The hare woke up and realized that the race was already over. The tortoise had reached the end and won the race. The hare was defeated by determination and hard work of the tortoise.




- Haseena Thasni. P. H

# ലഹരി വിരുദ്ധ ദിനം





# എന്റെ ഗുരു

ആരാണ് നിങ്ങളുടെ ഗുരുവെന്ന് ചോദിച്ചാൽ നിങ്ങൾക്കെല്ലാവർക്കും പറയാനുണ്ടാവുക സമൂഹത്തിലെ ഉന്നതന്മാരോ എഴുത്തുകാരോ ആണെങ്കിൽ എനിക്കൊരുത്തരമേയുള്ളൂ "കുഞ്ഞാപ്പൻ ജയ്മോൻ.”ലൈബ്രറിയിലെ സകല പുസ്തകങ്ങളും അരിച്ചുപെറുക്കിയാലും അവിടെയൊന്നും എന്റെ ഗുരുവിനെ നിങ്ങൾക്ക് കണ്ടെത്താനാവില്ല. ആറാംക്ലാസിൽ പഠിക്കുന്ന എനിക്ക് എന്റെ ക്ലാസിൽ നിന്നു തന്നെ കിട്ടിയതാണ് എന്റെ നാട്ടുകാരനായ ഗുരുവിനെ.ഇനി നിങ്ങൾക്ക് അവന്റെ പേരിലുണ്ടായ ശങ്ക ഞാൻ മാറ്റിത്തരാം.സാധാരണ പേരിന്റെ ഉത്തരഭാഗത്തിലാണല്ലോ രക്ഷിതാക്കളുടേയോ കുടുംബത്തിന്റെയോ പേര് ചേർക്കുക.എന്നാൽ എന്റെ ഗുരുവിന്റെ കാര്യത്തിൽ അത് തലതിരിഞ്ഞാണ് വന്നിരിക്കുന്നത്.

അക്കാലത്ത് എന്റെ നാട്ടിൽ ഒരുപാട് ജയ്മോന്മാരുണ്ട്.ജയ്മോൻമാരെ തട്ടീട്ടും മുട്ടീട്ടും നടക്കാൻ വയ്യ.അങ്ങനെ ജയ്മോൻമാരെ തിരിച്ചറിയാൻ വേണ്ടിയാണ് വാഴപ്പിള്ളി ജയ്മോൻ,പൂത്തുങ്കൽ ജയ്മോൻ........എന്നിങ്ങനെ നാട്ടുകാർ വീട്ടു പേര് ചേർത്ത് വിളിക്കാൻ തുടങ്ങിയത്.അങ്ങനെയാണ് ജയ്മോൻ ജോസഫ് എന്ന എന്റെ ഗുരു കുഞ്ഞാപ്പൻ ജയ് മോനായത്.

‘മുണ്ടൻമല’ എന്നൊരു കുഗ്രാമമായിരുന്നു എന്റെ നാട്.അതുകൊണ്ടുതന്നെ നല്ല വഴിയോ, വെളിച്ചമോ, ഒരു നല്ല വീടോ അവിടെ ഉണ്ടായിരുന്നില്ല. കറന്റ് ഞങ്ങൾക്കൊരത്ഭുതവസ്തുവായിരുന്നു. കുന്നിൻ മുകളിലെ കല്ലും മണലും നിറഞ്ഞ കളിസ്ഥലമാണ് ഞങ്ങൾക്ക് ആകെയുണ്ടായിരുന്നത്.




മുഞ്ഞനാട് കോർട്ടെന്നാണ് ഞങ്ങളതിനെ വിളിച്ചിരുന്നത്.ഞങ്ങളെ സംബന്ധിച്ചിടത്തോളം ആ കോർട്ട് ജവഹർലാൽ നെഹ്റു സ്റ്റേഡിയമോ, ഫിറോഷാ

കോട്ലയൊക്കെ പോലെയായിരുന്നു.യഥാർത്ഥ ഫുട്ബോൾ കണ്ടിട്ടില്ലാത്ത ഞങ്ങൾക്ക് കളിക്കാനിഷ്ടം ഫുട്ബോളും ക്രിക്കറ്റും തന്നെയായിരുന്നു.കായ്ച്ചുനിൽക്കുന്ന പച്ചനാരങ്ങയായിരുന്നു ഞങ്ങളുടെ ബോൾ.ചകിരിയും തുണിയും ഇരുട്ടിയെടുത്ത് അതിനുമുകളിൽ റബറിന്റെ വള്ളിപ്പാൽകെട്ട് റബ്ബർപാലിൽ മുക്കിവച്ച് ഉണക്കി ക്രിക്കറ്റ് ബോൾ ഉണ്ടാക്കാൻ ഞങ്ങൾ വിദഗ്ധരായിരുന്നു.ജാതിക്കയും നെല്ലിക്കായും പച്ചമാങ്ങയുമൊക്കെ കഴിച്ച് കിണറ്റിലെ ശുദ്ധജലം കുടിച്ച് ഞങ്ങളിങ്ങനെ കോർട്ടിൽ കളിച്ചു നടക്കും.

നെടിയശാല സ്കൂളെന്ന ഞങ്ങളുടെ പള്ളിക്കൂടത്തിലേക്ക് ഒരുമിച്ചുള്ള യാത്രയിലൊരിക്കൽ അവനെന്നോടു ചേദിച്ചു.”എടാ ഷൈനേ നീ രാത്രിയിൽ മുറ്റത്തിറങ്ങാറുണ്ടോ?”രാത്രിയിൽ മുറ്റത്തിറങ്ങാൻ പോയിട്ട് ഇരുട്ടത്തേക്ക് നോക്കാൻ പോലും പേടിയുള്ള എന്നോടാണ് ചോദ്യം.ഇല്ല നീയോ? എന്ന എന്റെ മറുചോദ്യത്തിന് അവൻ നൽകിയ മറുപടി എന്നെ അമ്പരപ്പിച്ചു. "ഇന്നലെ രാത്രി മുഴുവൻ ഞാൻ മുറ്റത്തായിരുന്നു.കുറേ മന്ത്രവാദികൾ ഹെലികോപ്റ്ററിൽ വന്ന് വീടിനു നേരെ കല്ലെറിയുന്നു.എല്ലാറ്റിനേം തിരിച്ചെറിഞ്ഞ് ഞാൻ ഓടിച്ചു." 'സത്യായിട്ടും' ഞാൻ അവിശ്വസനീയതയോടെ അവനോടു ചോദിച്ചു.പ്രേതങ്ങളും യക്ഷികളും മന്ത്രവാദികളും സ്വൈര വിഹാരം നടത്തുന്ന രാത്രികളിൽ അവരോട് ഒറ്റയ്ക്ക് പോരാടുന്ന ജയ് മോന്റെ ധൈര്യവും സാഹസികതയും അവനെ എന്റെ മനസ്സിലെ ആരാധനാപാത്രമാക്കിമാറ്റി. പുസ്തക സഞ്ചിയോ ചെരിപ്പോയില്ലാത്ത എന്റെ ഗുരു ഇടത്തുകൈ മടക്കിപ്പിടിച്ചു അതിനു മുകളിൽ മുഷിഞ്ഞ പുസ്തകങ്ങളും സ്ലേറ്റും ഉച്ചക്കഞ്ഞിക്കുള്ള ചോറുപാത്രവും വച്ചാണ് സ്കൂളിലേക്ക് പോയിരുന്നത്.ഇടയ്ക്ക്പുസ്തക കെട്ട്നിലത്ത് വച്ച്.കൊളുത്തോ ബട്ടൻസോയില്ലാത്ത നിക്കറിന്റെ വള്ളി വലിച്ചുമുറുക്കികെട്ടും.ആ യാത്രയിലാണ് തൊട്ടടുത്ത തിയേറ്ററിൽ ഒരു രൂപയ്ക്ക് ടിക്കറ്റ് കിട്ടുമെന്നും മുന്നിലെ ബഞ്ചിലോ,തറയിലോയിരുന്ന് സിനിമകാണാമെന്നു മൊക്കെ അവനെനിക്ക് പറഞ്ഞ് തന്നത്.കൂട്ടത്തിൽ കുറേ സിനിമാകഥകളും.അങ്ങനെയൊരു ദിവസം വീട്ടിലേക്കുള്ള യാത്രയിൽ അവനെന്നോട് ചോദിച്ചു?'നിനക്കിന്ന് തല്ലുക്കിട്ടിയല്ലേ? 'ആ, കണക്ക് പഠിച്ചില്ലായിരുന്നു. 'ഞാൻ മറുപടി പറഞ്ഞു."നമ്മള് പിള്ളേരെന്തിനാ പഠിക്കുന്നെ” അവനിൽനിന്നും ഇത്തരത്തിലൊരു ചോദ്യം ഞാൻ പ്രതീക്ഷിച്ചിരുന്നില്ല.ഉത്തരം കിട്ടാതെ ചൂഴ്ന്നു നിന്ന എന്നോട് അവൻ തന്നെ ഉത്തരവും

പറഞ്ഞു തല്ലുകിട്ടാതിരിക്കാൻ,അല്ലെ, ആ ഉത്തരം എനിക്കു നന്നേ ബോധിച്ചു.തല്ലുകൊള്ളാതിരിക്കാനാണെല്ലോ ഉറക്കമിളച്ച് പഠിക്കുന്നത്. അടികിട്ടാതിരിക്കാൻ ചാണകത്തിൽ ചവിട്ടാതിരുന്നാൽ മതി.ചാണകത്തിൽ ചവിട്ടിയാൽ അടിയുറപ്പാ.ഇരുത്തിയടിക്കുന്ന ചാക്കോസാറും, അകംതുടയിൽ മാത്രം നുള്ളുന്ന മണിസാറും, വിരൽത്തുമ്പത്ത് അടിക്കുന്ന സിനുപി സിസ്റ്ററും,ചന്തിപൊള്ളിക്കുന്ന കുഞ്ഞേപ്പുസാറും എന്റെ മനസ്സിലൂടപ്പോൾ കടന്നുപോയി.

ഏതായാലും ഗുരു രക്ഷിച്ചു.നാളെ മുതൽ ചാണകത്തിൽ ചവിട്ടാതെ നടക്കുകതന്നെ.ഇന്നു പഠിക്കേണ്ടതില്ലെന്ന് തീരുമാനിച്ച് മണ്ണെണ്ണ വിളക്കുതി നേരത്തെ കിടന്നു.പിറ്റേന്ന് സ്കൂളിൽ പോകുമ്പോൾ ആട്ടിൻ കാട്ടത്തിൽ ചവിട്ടിയാൽ കുഴപ്പമുണ്ടോന്ന് ഞാൻ ഗുരുവിനോട് തിരക്കി."ഹേയ് ആട്ടിൻ ചാണകം കുഴപ്പമില്ല.ഗുരു ആധികാരികമായി പറഞ്ഞു.എനിക്കിപ്പോൾ പശു ഏരുമ,കാള എന്നീ നാല്ക്കാലികളോട് വല്ലാത്ത ദേഷ്യം തോന്നി.കുട്ടികളെ തല്ലുകൊള്ളിപ്പിക്കാൻ നടക്കുന്ന വർഗ്ഗം.അടികൊള്ളാതിരിക്കാനുള്ള മറ്റൊരു മാർഗവും ഗുരു എന്നെ പഠിപ്പിച്ചു.അതല്പം കഠിനമാണ്.കൈതയുടെ കൈ (ഇല )മടക്കി അതിൽ തന്നെ കുത്തിനിറുത്തണം .അത് നിവരാതെ എത്ര ദിവസം നിൽക്കുന്നുവോ അത്രയും ദിവസം അടികിട്ടില്ല.കഥപറഞ്ഞു സ്കൂളിലെത്തിയതറിഞ്ഞില്ല.ആദ്യത്തെ പിരീയഡ് ഇംഗ്ലീഷാണ് സിനുപി സിസ്റ്റർ.ഹാജർ എടുത്ത് ചോദ്യം ചോദിക്കാൻ തുടങ്ങി.അവസാന ബഞ്ചുകാരോടാണ് വാക്കുകളുടെ അർഥം ചോദിച്ചു തുടങ്ങിയത്.ആദ്യ ചോദ്യത്തിന് തന്നെ ഉത്തരം പറയാതെ ധൈര്യവാനായ ഗുരു എഴുന്നേറ്റുനിന്നു.കുഴപ്പമില്ലെന്ന് എന്നോടു കണ്ണിറക്കികാണിക്കുകയും ചെയ്തു.ചോദ്യം ഒരോരുത്തരെയും പാസ് ചെയ്ത് കടന്നുവരികയാണ് നെഞ്ചിടിപ്പ് കൂടുന്നുണ്ടങ്കിലും ചാണകത്തിൽ ചവിട്ടിയില്ല എന്ന ധൈര്യം എനിക്കുണ്ടായിരുന്നു.'നെക്സ്റ്റ് വൺ'സിസ്റ്ററിന്റെ ചോദ്യം കേട്ടപ്പോഴാണ് ബോധമുണ്ടായത്.ഞാനും എഴുന്നേറ്റ് വടി പോലെ നിന്നു.'നീയും പഠിച്ചിട്ടില്ലേ?'ഇല്ലയെന്ന അർഥത്തിൽ തോളുകുലുക്കി.തൊട്ടപ്പുറത്തെ കുട്ടി ഉത്തരം പറഞ്ഞു.സിസ്റ്റർ ചൂരലുമായി വന്നു.ആദ്യ ഊഴം ഗുരുവിന്റേതായിരുന്നു.നിവർത്തിപ്പിടിച്ച കൈയ്യിൽ രണ്ടടിക്കിട്ടിയീട്ടും ഇതെത്ര നിസാരം എന്ന മട്ടിൽ അവനെന്നോട് കണ്ണിറുക്കി കാണിച്ചു.

സിസ്റ്റർ എന്റെടത്തെത്തി.'നീയെന്താടാ പഠിക്കാത്തെ?' ഞാൻ നിശ്ശബ്ദനായി നിന്നു.ഭയന്നു വിറച്ചുനിൽക്കുന്ന എന്റെ കൈയ്യിൽ ആദ്യ അടി.വേദന കൊണ്ട് പുളയുന്ന കൈകളിലേക്ക് അടുത്തതും സകല നിയന്ത്രണവും വിട്ട് ഞാൻ പൊട്ടിക്കരഞ്ഞു.തുടർന്ന് ഈ ഉഴപ്പന്മാരെ കണ്ട് നാളെ പഠിക്കാതെ വന്നാൽ ക്ലാസിനു വെളിയിലായിരിക്കും സ്ഥാനം എന്നൊരു താക്കീതും.വൈക്കീട്ട് ക്ലാസ് കഴിഞ്ഞ് വീട്ടിലേക്ക് നടക്കുന്ന ഗുരു എന്റെ കുടയിൽ കയറി സംസാരിക്കുന്നതിനിടയിൽ എന്നോടു ചോദിച്ചു.നിനക്ക് നന്നായി വേദനിച്ചുവല്ലെ.സാരമില്ല ആദ്യമായിട്ടാ, ദിവസവും കിട്ടുമ്പോൾ വേദന തോന്നില്ല.എന്നിട്ട് അല്പം കുരുമുളക് ഗുരു എനിക്കുനേരെ നീട്ടി ."ഇതെന്തിനാ?" ഇതൊരു ഒറ്റമൂലിയാ അടികിട്ടുമെന്ന് ഉറപ്പുള്ളപ്പോൾ ആരും കാണാതെ രണ്ടെണ്ണം വായിലിട്ട് അടികിട്ടുമ്പോൾ തന്നെ ചവച്ചരയ്ക്കണം അപ്പോഴാണ് എത്ര അടികൊണ്ടാലും കരയാതെ നിർ വികാരതയോടെ നിൽക്കുന്ന ഗുരുവിന്റെ അപാര ധൈര്യത്തിന്റെ പിന്നിലെ രഹസ്യം എനിക്ക് മനസ്സിലായത്.അതെനിക്ക് ഒരിക്കലുമില്ലാത്ത ധൈര്യവും സന്തോഷവും നൽ കി.ഇനിയന്തിന് ഉറക്കമൊഴിച്ച് പഠിക്കണം. അന്ന് ഇരുട്ടുവോളം ഞങ്ങൾ കളിച്ചു രസിച്ചു.പുസ്തകം തുറന്നേയില്ല.

പിറ്റേന്ന് പുലർച്ചെ പറമ്പിലേക്കോടി കയ്യാലപ്പുറത്തുനില്ക്കുന്ന കൈതയുടെ ഇല സൂക്ഷിച്ച് മടക്കികുത്തിനിറുത്തി.എത്ര ശ്രമിച്ചിട്ടും അഞ്ചാറ് മുള്ള് കൈയ്യിൽ തറച്ചു.വേദനയേ തോന്നിയില്ല.നിവരാതെനിൽക്കുന്ന കൈതയോല കണ്ട് തുള്ളിച്ചാടണമെന്നു തോന്നി അടികിട്ടില്ലല്ലോ

ആദ്യ പിരീയഡ് പതിവുപോലെ സിന്ധപിസിസ്റ്ററിന്റെ ഇംഗ്ലീഷ് ക്ലാസ്.ഹാജറിനു ശേഷം ചോദ്യം ചോദിക്കാൻ തുടങ്ങി.സ്ഥിരം തല്ലുകൊള്ളികൾ എഴുന്നേറ്റ് തുടങ്ങി .എന്റെ ഊഴമെത്തി കൂസലില്ലാതെ എഴുന്നേറ്റു നിന്നു.ഇന്നും നീ പഠിച്ചിട്ടില്ല അല്ലേ എന്നു പറഞ്ഞു സിസ്റ്റർ ആഞ്ഞടിച്ചു.ആദ്യ അടി കിട്ടിയപ്പോൾ തന്നെ കുരുമുളക് ചവച്ചരച്ചതിനാൽ രണ്ടാമത്തെ അടി അറിഞ്ഞതെയില്ല.ഇന്നലെ പോലെ വിതുമ്പാൻ നാവുപൊങ്ങിയില്ല.എരിവുമൂലം നാവു മരവിച്ചതുപോലായി."എല്ലാം വെളിയിലിറങ്ങിക്കോ പഠിക്കാതെ വന്നിരിക്കുന്നു" .സിസ്റ്റർ ആക്രോശിച്ചു. പറഞ്ഞു കേൾപ്പിച്ചിട്ട് ക്ലാസിൽ കയറിയാൽ മതി.സിസ്റ്റർ ആജ്ഞാപിച്ചിട്ട് ക്ലാസ്സിലേക്ക് കയറി.ഇനിയുമുണ്ടൊരു

പ്രശ്നം.ഹെഡ്മാസ്റ്റർ റൗണ്ട്സിനിറങ്ങും. അപ്പോൾ ആരൊക്കെയാണോ വെളിയിൽ നില്ക്കുന്നത് അവർക്ക്അടിയുറപ്പാണ്.മനസ്സിൽ കരുതിയതേയുള്ളൂ.കയ്യിൽ നീണ്ടുവളഞ്ഞവടിയുമായി ഹെഡ്മാസ്റ്റർ മുന്നിൽ.കണ്ണിൽ കൊള്ളിയാൻ മിന്നി.ഞാൻ നാക്കിനടിയിലുള്ള രണ്ടുകുരുമുളകുകൂടി പല്ലിനടിയിലെത്തിച്ചു.

നിനക്കൊന്നും വീട്ടിൽ ചെന്നാൽ പഠിക്കാൻ സമയമില്ലേടാ എന്നു ചോദിച്ചതും തിരിച്ചുനിർത്തി രണ്ടെണ്ണം പൊട്ടിച്ചു.വേദനകൊണ്ടു പുളഞ്ഞുപോയ ഞാനതുവരെ പിടിച്ചുനിർത്തിയ കണ്ണുനീർ ധാരധാരയായി ഒഴുകി.മൂന്നെണ്ണം കിട്ടിയ ഗുരു ഭിത്തിയിൽ ചാരിനിൽപ്പാണ്.എന്റെ മനസ്സ് കൈതച്ചോട്ടിലെത്തി.കൈതയുടെ കൈ കാറ്റത്തെങ്ങാനും വിട്ടുപോയോ? അതോ അറിയാതെ ചാണകത്തിൽ ചവിട്ടിയോ?

ആദ്യ പിരീയഡ് കഴിഞ്ഞപ്പോൾ അല്പം ആശ്വാസമായി എന്നാലും അടി നാലെണ്ണമായി വായിലെ പുകച്ചിലിന് ഒരുകുറവുമില്ല. രണ്ടാമത്തെ പിരിയഡാണെങ്കിൽ കണക്കാണ്. ഹോംവർക്ക്ചെയ്തിട്ടില്ല. അടിയുറപ്പ്. എങ്കിലും ഒരു ആശ്വാസം. ഗുരു ഇന്നലെ തന്ന കുരുമുളകിൽ രണ്ടെണ്ണം പോക്കറ്റിലുണ്ട്. അത് അഡ്വാൻസായി വായിലിട്ടു.

ഇവിടെയും ടീച്ചറിന്റെ ദയാദാക്ഷീണ്യമുണ്ടായില്ല.ചൂരൽ ശിക്ഷയ്ക്ക് വിധേയനായി.ഇടതു കയ്യിലും വലതുകയ്യിലും പിന്നിലും നീറ്റലുകൊണ്ട് വല്ലാതായി. നാവും ചുണ്ടുകളുമാണെങ്കിൽ പുകച്ചിലുകൊണ്ട് മരവിച്ചതു പോലെയും. ഞാനെന്റെ ദൈവങ്ങളോട് ഉള്ളുരുകി പ്രർഥിച്ചു "ഇനി ഞാൻ നന്നായി പഠിച്ചോളാം തല്ലുകൊള്ളാതെ കാക്കണേ ",പ്രർഥന ഫലിച്ചു പിന്നെയന്ന് അടികൊള്ളേണ്ടതായി വന്നില്ല.

ദേശീയ ഗാനം കഴിഞ്ഞ് കൂട്ടമണിയടിച്ചതേ ഞാൻ ക്ലാസിനു വെളിയിലിറങ്ങി.എന്നും കാത്തു നിൽക്കാറുള്ള ഗുരുവിനെ നോക്കാതെ മുന്നോട്ടു നടന്നു."എടാ ഷൈനേ നിയ്ക്കെടാ ഞാൻ തിരിഞ്ഞു നോക്കി, ഗുരു ഓടിവരുന്നു.ഇനിയും തല്ലുകൊള്ളിക്കാൻ ദൈവമേ ....ഞാൻ മുന്നിലുള്ളവരെ വകഞ്ഞുമാറ്റി ഒരോട്ടം....തിരിഞ്ഞു നോക്കിയതേയില്ല.

-ജോർജ്ജ് അഗസ്റ്റിൻ

HST Social Science

# പ്രണയം

അയാൾ കാൽപ്പന്തിനെ പ്രണയിച്ചിരുന്നു
കവിയെന്നാരുംവിളിച്ചില്ല
അയാളുടെ കവിതയിൽ വൃത്തമില്ല പോലും
ഗണിതാധ്യാപകനാണ് അത് ശരിയല്ല എന്നു പറഞ്ഞത്
അനേകമനേകം വൃത്തങ്ങളാപന്തിലുണ്ട്
ചെറുതുംവലുതുമായ വൃത്തങ്ങൾ ചേർന്നതാണാ പന്ത്
അലങ്കാരമില്ലെന്നായി പിന്നെ വാദം
കാൽതൊട്ട പന്തിന്റെ ഗതികണ്ടാരോ പറഞ്ഞു
ഗാണ്ഡീവത്തിന്റെ ഞാൺ തൊട്ട അമ്പ് പോലെ
വലയുടെ ചലനം കണ്ട കാണികൾ ആർത്തു കൂവി
ഗോൾ,ഗോൾ..................



രവികുമാർ എസ്
(ബഹു. ഹെഡ്മാസ്റ്റർ)

## ബഷീർ ദിനം

### "ബഷീർ ദ മാൻ "ഡോക്യുമെന്ററി പ്രദർശനം




## ഓണാഘോഷം







## ഒരു പുഞ്ചിരി



ഒരോ പ്രഭാതവും ചിരിപ്പിച്ചീടുന്നെന്നെ
ഓരോ രാവും അപായപ്പെടുത്തുന്നു
മരിക്കും മുമ്പേ പിഴുതെറിയുന്നു ചിലർ
ഈ മാനവർ ഭൂമിയുടെ ശാപങ്ങളോ ?

ഓരോ മൊട്ടും പൂവാക്കി മാറ്റുവാൻ,
ഓരോ ദളവും കൊഴിയാതെ കാക്കുവാൻ
എത്രയോ വേദന തന്നു ഭവാൻ
മാനവർക്കറിയുമോ മാതാവിൻ വേദന

അമ്മയില്ലാതെ കിടാങ്ങളുണ്ടോ
ഒരു ജന്മമേ ഭവാൻ തന്നതുള്ളൂ
ആ ജന്മമെങ്കിലും സഫലമാക്കേണ്ടായോ
പുഞ്ചിരി മാത്രമേ അറിയുകയുള്ളൂ
ആ പുഞ്ചിരിയാണെൻ ജീവനാദം

**രാമഹർഷ കെ**

**(സ്കൂൾ കലോൽസവത്തിൽ സമ്മാനാർഹമായത്)**

## ഓർമ്മകളിലെ ചാറ്റൽ മഴകൾ

പുറത്ത് മഴയില്ല തെളിഞ്ഞ കാലാവസ്ഥ ഡയറിയിൽ നിന്ന് തല പൊക്കിയപ്പോൾ അറിയാതെ മഴയോർമ്മകളിൽ ഊളിയിട്ടു പോയി .........

മഴയോർമ്മകൾ എനിക്ക് ധാരാളമൊന്നും ഉണ്ടായിരുന്നില്ല. മഴയെ അത്രയേറെ ഇഷ്ടപെട്ടിട്ടും കർട്ടൺ വലിച്ചുപൊക്കി മഴയെ ആസ്വദിച്ചും മഴയുടെ പൊടിക്കുഞ്ഞുങ്ങളെ പേറിയുള്ള ഇളം കാറ്റിനെ പുൽകിയുമൊക്കെയുള്ള മഴയോർമ്മകളേ



എനിക്കുണ്ടായിരുന്നുള്ളൂ. എന്നാൽ ചിലഭ്രാന്തു മൂക്കുന്ന സന്ദർഭങ്ങളിൽ മഴയോട് അത്രയേറെ പ്രണയം തോന്നുമ്പോൾ കുളിക്കാനെന്ന വ്യാജേന പുറത്തേ കുളിമുറിയിൽ പോകുന്ന വഴിയിൽ ചുറ്റുമൊന്ന് കണ്ണോടിച്ചുകൊണ്ട് മഴയെ തൊട്ടറിഞ്ഞ ഓർമ്മകളും ഏറെയുണ്ട് .അഥവാ അമ്മ എങ്ങാനും കണ്ടാൽ "പനിപിടിച്ച് അവിടെ കിടന്നോണം" എന്ന് കണ്ണുരുട്ടികൊണ്ടുള്ള ലളിതമായ ഭീഷണിയിൽ അന്നത്തെ മഴക്കമ്പം ഏകദേശം കെട്ടടങ്ങിയുണ്ടാവും. പനിയെ ഒരു അനുഗ്രഹമായി കണ്ടകാലം ഉണ്ടായിരുന്ന .പത്താം ക്ലാസിലെ പരീക്ഷാപേടികൾക്കിടയിൽ ഒരു ചാറ്റൽമഴ കൊണ്ട് പനിപിടിച്ച് പാതിയടഞ്ഞ കണ്ണുകളോടെ പാരസെറ്റാ മോളിനേയും കൂട്ടുപിടിച്ച് ആകുലതകളെല്ലാം മഴയിൽ ഒഴുക്കിക്കളഞ്ഞ് ഒന്ന് കിടക്കാനൊക്കെ ഒത്തിരി കൊതിച്ചിട്ടുണ്ട് .പുറത്ത് ഒരു മഴകൂടി പെയ്താൽ കേമായി .

വീണ്ടും മഴയുടെ ചരിത്രങ്ങളിലേക്ക് കണ്ണോടിക്കുമ്പോൾ, മനഃപൂർവം കുട മാറ്റിപ്പിടിച്ച് മഴനനഞ്ഞതും, സ്വയം നനഞ്ഞതിനു ശേഷം മറ്റുള്ളവരുടെ കുട തട്ടിപ്പറിച്ചെടുത്ത് ഓടിയതും, ആഹ്ലാദത്തിൽ റോഡിലെ വെള്ളം കാൽ കൊണ്ട് തട്ടിത്തെറിപ്പിച്ചതും, അന്നത്തെ വൈകുന്നേരം വർണാഭമാക്കി കൊണ്ട് ആർത്തുവിളിച്ചതും ,വീട്ടിൽ വന്നപ്പോൾ അമ്മയുടെ കൈപ്രയോഗത്തിൽ മഴയുടെ കുളിര് പാടേ മാറിയതും മഴ വെള്ളത്തിൽ മുങ്ങിപൊങ്ങുന്നു. ഇതിനെല്ലാം പുറമെ സന്തോഷം നൽകിയിരുന്നത് ക്ലാസ് മുറിയിലിരിക്കുമ്പോൾ പെയ്തിരുന്ന മഴയായിരുന്നു. ഒന്നും കേൾക്കുന്നുമില്ല കാണുന്നുമില്ല എന്ന വാക്യത്തിൽ ധാരാളം കണക്കു ക്ലാസുകളേയും മലയാളം ക്ലാസുകളേയും ഞങ്ങൾ വെള്ളത്തിലാക്കിയിരുന്നു തുടർന്ന് ക്ലാസുകളിൽ ആഹ്ലാദത്തിന്റെ പെരുമഴ പെയ്യിച്ചിരുന്നു......

മഴയിലേക്ക് വീണ്ടും ഒന്ന് ഊളിയിട്ടപ്പോഴാണ് സ്കൂളിലെ ഗ്രൗണ്ടിന്റെ നടുക്ക് നിന്ന് നനഞ്ഞ മഴ ഓർമ വന്നത്. തികഞ്ഞ ഭ്രാന്തോടുകൂടി ഞാനും മഹ്റിയും നനഞ്ഞ മഴ...... എന്തൊക്കെയേറെ മനസ്സിൽ ഒളിപ്പിച്ചുകൊണ്ട് അവയിൽ ഒന്നും നനവ് പടർത്താതെ സ്വയം നനഞ്ഞ മഴ... വിജനമായ വിദ്യാലയത്തിലൂടെ അന്ന് നടന്നിറങ്ങുമ്പോൾ ജീവിതം കാലം മുഴുവൻ ചോർന്നൊലിക്കാൻ പാകത്തിനുള്ള ഒരു മഴയെ മനസ്സിൽ സൂക്ഷിച്ചുവച്ചിരുന്നു. പിന്നീട് വരുന്ന മഴയിൽ ഒരു വാകപ്പൂ പൊട്ടിച്ചു അന്നത്തെ മഴയ്ക്ക് മൊത്തം സാക്ഷ്യം വഹിച്ചു തീർത്തും നനഞ്ഞ ഒരു ചുകപ്പ് വാക അത് അന്ന് തന്നെ ഡയറിയിൽ സൂക്ഷിച്ചുവച്ചിരുന്നു. പിന്നീട് ഇടയ്ക്കിടയ്ക്ക് എടുത്തുനോക്കി അന്നത്തെ മഴ ഓർമ്മകളാൽ നനഞ്ഞിരുന്നു.

ഇന്നത്തെ മഴ കാണുമ്പോൾ തോന്നും മഴയ്ക്ക് ആരോടൊക്കെയോ പ്രതികാരമാണെന്ന് ഒട്ടും കരുണയില്ലാത്ത മുഖമാണ് ഇന്നത്തെ മഴയ്ക്ക്. വർഷത്തിൽ ധാരാളം പേരുടെ ജീവനുകളെ റാഞ്ചിയെടുത്ത് കൊണ്ട് ഇന്നത്തെ മഴ അരങ്ങൊഴിയുന്നു . മഴയുടെ പണ്ടത്തെ സന്തോഷമൊക്കെ ആരൊക്കെയോ മോഷ്ടിച്ചിരിക്കണം അല്ലെങ്കിൽ എവിടെയോ കളഞ്ഞു പോയിരിക്കണം.......

-ഷാനിയ ദാസ് -

10 എ

# സ്കൂൾ പാർലമെന്റ് ഇലക്ഷൻ





## പൂവാണു ഞാൻ



ഓരോ കൊച്ചുമനസ്സിലും മധുരം
പകരുന്നതാണു ഞാൻ
കേരനാടിന്നു സ്വന്തമാണു ഞാൻ
കേരളീയരുടെ ഹൃദയമാണു ഞാൻ
പ്രകൃതിക്ക് വർണ്ണം പകരുന്നു ഞാൻ
കൊച്ചു ശലഭത്തിൻ വിശപ്പടക്കുന്നു ഞാൻ
ഞാനില്ലാതൊരോണമില്ല
ഓണമില്ലാതെ മലനാടില്ല.

ഇതു താൻ പണ്ടുമാത്രം
ഇന്നിതാ എന്നെ ശപിച്ചിരിക്കുന്നപോൽ
ആർക്കും വേണ്ടാത്ത വസ്തു ഞാൻ.
ഓണത്തിന്നുപോലും എന്നെ വേണ്ടാ
മറുനാട്ടിൽ നിന്നുമേ വേണ്ടുവൊള്ളൂ.......
നാട്ടിൻ പുറത്തുള്ള പൂവിന്നു
മാത്രമേ വേണ്ടാവുന്നത്ര സ്ഥാനമുള്ളൂ.

വഞ്ചനയിലകപ്പെടാൻ കാര്യമെന്ത്......
എന്തുഞാൻ മാനുഷരോടു ചെയ്തു.
ഇനി ഞാനെന്തിനു ജീവിച്ചിരിക്കുന്നു
ജീവിച്ചിരുന്നാലും
ആർക്കും വേണ്ടാത്ത ശത്രു മാത്രം
ഇനിയുമാക്കാലം വരാതിരിക്കില്ല
കാത്തിരിപ്പുണ്ടു ഞാൻ മാനുഷരെ.......

നിരഞ്ജന എ

## ഓർമകളിലേക്കുള്ള യാത്രകൾ....

ആകാശത്തിന്റെ കറുത്തുമിന്നിയ മുഖം ആർദ്രതയുടെ നനവായി കനിവിന്റെ കണ്ണുനീരായി തോരാതെ പെയ്-തുകൊണ്ടിരിക്കുകയാണ്. ഇറയിലൂടെ ഒലിച്ചിറങ്ങുന്ന മഴപ്പാളികളുടെ നൂലുകളെ നോക്കിനിന്നു. മഴയുള്ള സമയത്തെ ഈ നിൽപ്പല്ലാതെ മറ്റെന്താണ് ഓർമകളിലേക്ക് വഴുതി വീഴാൻ വേണ്ടത്. ഇങ്ങനെ തനിച്ചിരിക്കുമ്പോഴൊക്കെ ഞാൻ പതിയെ അറിയാതെ തന്നെ ഓർമകളിലേക്ക് വഴുതി വീഴുകയാണ്. കാലത്തിന്റെ ചിറകിലേറി ഈ യാത്ര ഇവിടെയും എത്തി.




ഓർമകൾ അല്ലാതെ മറ്റെന്താണ് ഒരാളെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. വളർന്നുവരുന്തോറും അദൃശ്യമായ ചങ്ങലകളാൽ ബന്ധിക്കപ്പെടുമ്പോൾ സ്വാതന്ത്ര്യത്തിൽ ഇന്നലകളുടെ ഓർമകൾ തന്നെയാണല്ലോ മനസ്സിന്റെ ആശ്വാസം.

ഇന്ന് ഈ ജനലഴികൾക്കിടയിലൂടെ മഴ കാണുമ്പോൾ ഓർമ വരുന്നത് പണ്ട് അമ്മയുടേയും ചേച്ചിയുടേയും കൂടെ കടലാസുതോണികൾ ഉണ്ടാക്കി കളിച്ച ബാല്യമാണ്. തിരിച്ചുകിട്ടാത്ത ആ ബാല്യത്തെ എത്രമേൽ ഓർക്കാതിരിക്കാനാകും. ഓർമകളിലേക്കുള്ള യാത്ര ഒരിക്കലും അവസാനിക്കുന്നില്ല.ജീവിതം ഒരുപക്ഷേ ഒരു യാത്രയല്ലായിരിക്കാം. പക്ഷെ ജീവിതത്തിലേക്ക് കടന്നുവരുന്ന ഓരോ വ്യക്തിയും നമുക്ക് ഓരോ യാത്രയാണ്. ആ ഓരോ യാത്രകളും വ്യത്യസ്തങ്ങളായ അനുഭവങ്ങളും ഓർക്കുവാനായി എന്തെങ്കിലുമൊക്കെ ബാക്കിവെക്കാതെ ഒരു മഴയും പെയ്തുതോരുന്നില്ല. നമ്മുടെ ചുറ്റിലും ഓരോന്നിലും ഓരോ ഓർമകളുണ്ടാകും. ആ ഓർമകളിലേക്ക് യാത്ര പോയാൽ എപ്പോഴാണ് തിരിച്ചുവരാൻ കഴിയുക? ഓർമകളിലേക്കുള്ള യാാത്രതന്നെയാണ് ഏറ്റവും വലിയ യാത്ര.

മാറിവരുന്ന ഋതുഭേദങ്ങൾ കാലത്തിന്റെ വിരിമാറിൽ വിഹരിച്ച് കടന്നു പോകുന്നു. ശിശിരവും വസന്തവും വേനലിന് വഴിമാറിക്കൊടുത്തു. കാത്തിരിപ്പിനൊടുവിൽ പെയ്തിറങ്ങുന്ന മഴ. ഇലച്ചാർത്തിലെ മഴനനവ്...... ഇത് പ്രകൃതിയുടെ യാത്രയാണ്.ഈ യാത്രയുടെ ഓരോ വേളയിലും പ്രകൃതി ഓരോ തരത്തിലുള്ള ഓർമകൾ നൽകുന്നു.

മനസ്സിന്റെ ആഴങ്ങളിൽ നമ്മൾ ഓരോരുത്തരും നടത്തുന്ന യാത്ര ആർക്കാണ് അളക്കാനാകുക. ഓരോ മനസ്സും ഓരോന്നിനായി ഓരോ തരത്തിൽ യാത്ര ചെയ്യുകയാണ് . പ്രകൃതിയിലേക്കും ഓർമകളിലേക്കും അക്ഷരങ്ങളിലേക്കും മനസ്സ് യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. ആ യാത്രയ്ക്കിടയിൽ സ്വന്തം ഹൃദയത്തിന്റെ നീറ്റൽ നിശബ്ദമായി അനുഭവിക്കുകയും ചെയ്യുന്നു. ഇന്നലെയുടെ യാത്രകൾ കഴിഞ്ഞ് ഇന്നത്തെ യാത്രയിൽ നാളെയുടെ യാത്രയെപ്പറ്റിയുള്ള ആശകളും ആശങ്കകളും ഉണ്ട്.

അവസാനിക്കാത്തയാത്ര എന്നത് ഏതായിരുന്നു. ജീവിതം എന്ന യാത്രയും മരണം എന്ന വാക്കുകൊണ്ട് അവസാനിപ്പിക്കുകയേല്ല നമ്മൾ. മനസ്സ് എവിടെയൊക്കെ യാത്ര പോയിവരുന്നു നമ്മൾ അറിഞ്ഞും അറിയാതെയും. ജീവിതം എന്തിനെന്ന് തേടിയുള്ള യാത്ര എവിടെ അവസാനിക്കും ? പ്രകൃതിയുടെ ഉൾ തലങ്ങളിലേക്കും മഴയുടെ കുളിരിലേക്കും കനലിന്റെ എരിവിലേക്കും അഴലിന്റെ ആഴങ്ങളിലേക്കും മനസ്സ് നടത്തുന്ന  യാത്രകൾ അവസാനിക്കുന്നുണ്ടോ?അത് തുടങ്ങുന്നത് പോലും നമ്മൾ അറിയുന്നില്ല.

മുന്നോട്ടോടുന്ന സമൂഹത്തെപ്പറ്റിയും കത്തിയമർന്ന അക്ഷരങ്ങളെപ്പറ്റിയും എഴുതിതീരാത്ത പ്രണയത്തെപ്പറ്റിയുള്ള ചിന്തകളിലേക്കായിരുന്നു എന്റെ മനസ്സിന്റെ യാത്രകൾ. ആ യാത്രയിൽ ഞാൻ കണ്ടെത്തിയവയായിരുന്നു കടലാസിലേക്ക് ഞാൻ പടർത്തിയിട്ടതും. എന്റെ ആ ഒർമകളിലേക്കുള്ള യാത്രകൾ പലർക്കും വെറും ഭ്രാന്ത് മാത്രമായിരുന്നു. പക്ഷെ

എനിക്കത് അടക്കാനാകാത്ത 'ഭ്രാന്താ'യിരുന്നു. ഇന്ന് ഈ ചങ്ങലകളാൽ ബന്ധിച്ച് ഇവിടെ ഈ നാലുചുവരുകൾക്കിടയിൽ ഇരിക്കുമ്പോഴും ഓർമകളിലേക്ക് ഞാൻ യാത്രപോകുന്നതും അതു കൊണ്ട് തന്നെയാണല്ലൊ. ഇവിടെ ഇരുന്നുകൊണ്ട് തന്നെ ഗ്രീഷ്മവും വസന്തവും കടന്ന്പോകുന്നതും ശിശിരത്തിൽ ഇലകൊഴിയുന്നതും ഞാൻ അറിയുന്നു. വർഷകാലത്ത് ആദ്യത്തെ തുള്ളി ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ എന്റെ മനസ്സും കുളിരണിയുന്നു. ഇന്ന് ഓർമകളിൽ നിന്നും അക്ഷരങ്ങളിലേക്ക് യാത്ര മാറിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ അവ ...... കടലാസിലേക്ക് പടരുന്നില്ല ....... എങ്കിലും മനസ്സിൽ ഞാനവ കോറിയിടുന്നു .... ഒരിക്കലും മായാതെ .... എന്റെ ഓർമകളെ ...... എന്റെ യാത്രകളെ ......

മെഹ്റി സി

(കലോൽസവത്തിൽ സമ്മാനാർഹമായത്)

## വേഷങ്ങൾ

അവസാനത്തെ ബെല്ലിനു വേണ്ടി കാത്തിരിക്കുകയായിരുന്നു.ലോംഗ് ബെല്ലിന്റെ ശബ്ദത്തിൽ മനസ്സ് വീട്ടിലേക്ക് ഓടുകയായിരുന്നു.പുറത്ത് ആകെ തിക്കുംതിരക്കുമാണ്.ഞാൻ ക്ലാസിൽ തന്നെയിരുന്നു.പിന്നെ ഒച്ചപ്പാടൊക്കെ ഒഴിഞ്ഞപ്പോൾ ക്ലാസ് പൂട്ടിയിറങ്ങി മിക്കവാറും കുട്ടികളും പോയിട്ടുണ്ട്. വൈകുന്നേരത്തെ ഖോ-ഖോ പ്രാക്ടീസിനുള്ള കുട്ടികൾ വരുന്നുണ്ട്.ഗ്രൗണ്ടിലെ ഓരോന്നും സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടാണ് നടപ്പ്. വാക പൂത്തിട്ടുണ്ട്.  വരിയായി, നിരയായി ,തണലായി വാകമരങ്ങൾ.സ്വപ്നങ്ങൾ പൂത്തുലഞ്ഞപോലെ നിറയെ പീതപുഷ്പങ്ങൾ.ഗേറ്റ് കടക്കാറായപ്പോഴാണ് ഹയർ സെക്കന്ററി ബിൽഡിംഗിൽ നിന്നും വരുന്ന ആ ആളെ ഞാൻ ശ്രദ്ധിച്ചത്.കാഴ്ചയില്ലെന്ന് തോന്നുന്ന വടി കുത്തിപ്പിടിച്ചാണ് നടക്കുന്നത്.ബുദ്ധി കുറവുണ്ടെന്ന് തോന്നുന്ന അങ്ങനെ മുഖത്ത് എന്തൊക്കെയോ ഭാവങ്ങൾ.തപ്പിത്തടയുന്നുണ്ട് തട്ടിവീഴാൻ പോകുന്നുണ്ട്.കുട്ടികളും അധ്യാപകരും അയാളെ കടന്നുപോകുന്നുണ്ട്.ഞാൻ എന്തു ചെയ്യണമെന്നറിയാതെ നിന്നു.ഒടുവിൽ ഞാനടക്കം എല്ലാവരും കഞ്ചാവെന്നും കൊള്ളരുതാത്തവനെന്നുമൊക്കെ പറയുന്ന ഒരുവൻ വന്ന് അയാളോട് എന്തൊക്കെയോ ചോദിച്ചറിഞ്ഞു.പിന്നെ അയാളുടെ കൈ പിടിച്ചു നടന്നു പോയി.ഗേറ്റ് കടന്നപ്പോൾ ഞാൻ എന്റെ വഴിക്ക് തിരിഞ്ഞു.ഞാൻ ഒന്ന് തിരിഞ്ഞു നോക്കി അയാളുടെ വടി അവന്റെ കയ്യിലാണ്.അവന്റെ ഒരു കൈ അയാളുടെ തോളിലും. അന്ന് ക്ലാസ് മാനേജ്മെന്റ് കമ്മറ്റി മെമ്പേഴ്സിന്റെ മീറ്റിംഗിനു വന്ന അവനെ കളിയാക്കിക്കൊണ്ട് സാർ തിരികെ ക്ലാസിലേക്കു പോകാൻ പറഞ്ഞത് ഞാൻ ഓർത്തു




മഹ്റി സി .10 ഐ

## ലിറ്റിൽ കൈറ്റ്സ് ക്ലാസ്








## മലയാളത്തിളക്കം ക്ലാസുകൾ






# തീരാബാല്യം

മഴക്കാറുപോലെ വന്നു മാഞ്ഞയെൻ ബാല്യത്തിൻ
വിലയറിഞ്ഞില്ല ഞാൻ
അറിയുന്നു ഇന്നിതിൻ മൂല്യമേറെ-
വൈകിയായാലും.
കുളിരായ് തഴുകിയ ബാല്യം
മഴയായ് വന്നുറങ്ങുന്നു ഇന്നെൻ മനസ്സിൽ
ചെറുപ്പത്തിൽ നമുക്ക് മനസ്സിലാവില്ല
ബാല്യത്തിൻ വില
വൈകി നമ്മളറിയു-
മതിൻ മഹത്ത്വം

ശിവാനി 10.എ



## കേരളപ്പിറവി ദിനാഘോഷം




## സ്നേഹത്തണൽ



# The Ant And The Dove

One hot day, an ant was walking near a river bank. The poor ant lost her balance and fell inside the water. “Ahh help me” she cried. As flow of the river was too strong, she was carried away. she screamed for help. “someone please help me.”




A dove was watching all this from a nearby tree. The ant was struggling for life in the water. The dove felt very sad for the little ant. The ant was continuously screaming for help “oh no the little ant is it trouble” the dove decided to help the ant.He said to ant,”Don’t worry my dear.the dove quickly plucked off a leaf and dropped into the water near the struggling ant.The ant moved towards the leaf and climbed up there.And the ant reached to the shore safety.The thankful ant said,” I Will always be grateful to you for saving my life

Few weeks later, the ant saw a bad hunter with the gun.The hunter was targeting at the dove sitting on the tree.Guessing what he was about to do,the ant quickly bit him on the heel.’’ouch;you pathetic ant.what have you done?’’the hunter yelled.The ant walked away happily as she was able to help the dove in return.

Fidha shamri-k.p

## അധ്യാപക ദിനാചരണം






## ഗേറ്റ് ഉദ്ഘാടനം



# രാമു

ഒരിക്കൽ രാമു ,തന്റെ പുരയിടത്തിൽ നിന്നും പാടവും വയലേലകളും താണ്ടി ഒന്നു ചുറ്റിയടിക്കാനായി നഗരത്തിലേക്കിറങ്ങി. തനിപരിഷ്കാരിയായിരുന്ന രാമു സ്വന്തം വീട്ടിൽ നിന്നും നഗരത്തിലെ ചെറുതട്ടുകടകളിൽ നിന്നൊന്നും ഭക്ഷണം കഴിച്ചിരുന്നില്ല.നഗരത്തിൽ പ്രശസ്തമായ ഒരു ഹോട്ടൽ ഉണ്ടായിരുന്നു. അയൽക്കാരൻ വേലായുധേട്ടന്റെ രണ്ടു നില മാളിക കെട്ടിടം പോലത്തെ വലിയ ഹോട്ടൽ.

ആ ഹോട്ടിന്റെയുടമ വലിയ പിശുക്കനായിരുന്നു. ഹോട്ടലിലെ പച്ചവെള്ളത്തിനു പോലും വിലയിടുന്ന അറുപിശുക്കൻ. രാമു കടയിലെ നിത്യസന്ദർശകനായിരുന്നതിനാൽ അവനിഷ്ടമുള്ള ആഹാരവസ്തുക്കൾ എന്തെല്ലാം എന്ന് ആ കടയിൽ ജോലിക്ക് നിൽക്കുന്ന ഓരോരുത്തനുമറിയാമായിരുന്നു . ഒറ്റത്തടിയായ രാമുവിന് കുടുംബഭാരം തീരെയില്ലാത്തതിനാൽ

കിട്ടുന്നകാശെല്ലാം ഈ ഹോട്ടലിൽ കൊണ്ടു വന്ന് തള്ളും. ശേഷം പറഞ്ഞു:"രാമുവേട്ടന് പൊറോട്ടേം ചിക്കനുമല്ലേ? ഇപ്പൊ കൊണ്ടോരാം ."രാമുവൊന്ന് ചിരിച്ചതേള്ളൂ.....

അൽപ്പംപോലും വൈകാതെ രാമുവിന്റെ ഓർഡർ മേശപ്പുറത്തെത്തി.രുചിയുള്ള ആഹാരമാണെങ്കിൽ പിന്നെ പറയണോ? മുന്നിൽ കണ്ടത് മാത്രം ഓർമ്മയുണ്ടാകും.




പതിവുപോലെ രാമു ഭക്ഷണം കഴിച്ച് ഹോട്ടലിന് പുറത്തേക്കിറങ്ങി,തന്റെ വീട്ടിലേക്ക് നടന്നു.പക്ഷേ!രാമു നിത്യേന കഴിച്ചുകൊണ്ടിരിക്കുന്നത് മരണമാണെന്ന് രാമു അപ്പോഴും അറിഞ്ഞിരുന്നില്ല.

അറുപിശുക്കനായ ഹോട്ടൽ ഉടമ ദിവസേന ബാക്കി വരുന്ന ഭക്ഷണം ചൂടാക്കിയാണ് പിറ്റേദിവസം വരുന്ന രാമുവിന് കൊടുത്തിരുന്നത്. അതാവുമ്പോരാമുവിന് ഭക്ഷണം കൊടുക്കേം ആകാം തനിക്ക് നഷ്ട്ടോല്ല്യല്ലോ?

പെട്ടെന്നൊരിക്കൽ രാമു നഗരത്തിലേക്ക് വരുന്ന വഴിയിൽ തലകറങ്ങി വീണു.അൽപ്പസമയത്തിനു ശേഷം കണ്ണു തുറന്ന രാമു,ഒരു നേരത്തേക്ക് സ്തബ്ധനായി.

തലക്ക് മുകളിൽ തൂങ്ങിക്കിടക്കുന്ന ഗ്ലൂക്കോസ് ബോട്ടിലിന്റെ തൊട്ടടുത്തായി അതാ രാമുവിന്റെ അമ്മ ദേവയാനി നിറകണ്ണുകളോടെ നിൽക്കുന്നു.

രാമുവിന് എഴുന്നേൽക്കാൻ പ്രയാസമുണ്ടായി.ഡോക്ടർ വന്ന് താങ്ങി നിർത്തിയിട്ട്



രാമുവിന്റെ അമ്മയോടായ് ഇങ്ങനെ പറഞ്ഞു " നിങ്ങൾ എന്തൊരു സ്ത്രീയാണ്.ഇവന് ഇത്രേം വലിയ ഒരസുഖമുണ്ടെന്ന് ഞാൻ കഴിഞ്ഞ തവണ വന്നപ്പോൾ പറഞ്ഞതല്ലായിരുന്നോ?നിങ്ങൾ എന്തുകൊണ്ടാണിവനെ ശ്രദ്ധിക്കാതിരുന്നത്?”

വയറിന് അൾസർ ബാധിച്ചിരുന്ന രാമു,തന്റെ രോഗമെന്താണെന്നറിയാതെ അക്ഷമനായി ഡോക്ടറെ നോക്കിനിന്നു.

അപ്പോൾ അതാ....... നിറകണ്ണുകളോടെ നിൽക്കുന്ന ദേവയാനി,രാമുവിന്റെ മുഖത്തേക്ക് ചൂണ്ടിക്കൊണ്ട് ഇങ്ങനെ പറഞ്ഞു:"ഡോക്ടർ സാറേ.... താങ്കൾക്കറിയാഞ്ഞിട്ടാണ്.നിത്യോം ഞാൻ ജോലിക്ക് പോയാണ് വീട്ടിൽ അടുപ്പ് പുകയുന്നത്. ഇവൻ നിത്യോം ജോലിക്ക് പോകും പക്ഷേ! കാലണ വീട്ടിലെത്തില്ല.നഗരത്തിലെ ആ വലിയ ഹോട്ടലില്ലേ? അവിടെ നിന്നാണ് ഇവൻ ദിവസോം ഭക്ഷണം കഴിക്കണേ.”

"ഒത്തിരി തവണ ഞാനിവനോട് പറഞ്ഞതായിരുന്നു ആ ഹോട്ടലിലെ ഭക്ഷണം കഴിക്കരുതെന്ന് പക്ഷേ! ഇവൻ കേട്ടില്ല." അവർവിതുമ്പി.ഡോക്ടർ:"ഇനി എനിക്ക് ഒന്നും ചെയ്യാനാകില്ല.ദിസോംള്ള ഭക്ഷണശൈലി കാരണം രാമുവിന് കാൻസർ പിടിപെട്ടിരിക്കുന്നു."

ഒരു നിമിഷം ഒന്നു പൊട്ടിക്കരഞ്ഞുകൊണ്ട് ദേവയാനി ഇറങ്ങിപ്പോയി.കുറ്റബോധത്തിന്റെ കുമ്പാരമേറിക്കൊണ്ട് രാമു ആ ഹോട്ടൽ ഉടമയെ പഴിച്ചു.

ഇതേ സമയം തൊട്ടപ്പുറത്തെ ബെഡ്ഡിലുണ്ടായിരുന്ന ഒരു സ്വാമി ഇങ്ങനെ മന്ത്രിച്ചു:"താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻതാൻ അനുഭവിച്ചീടുകെന്നേ വരൂ........"

-ഫാത്തിമ ജിസ്ലി.കെ.പി

# പ്രകൃതി കാതോർക്കുന്നു

ആർഭാടനിബിഡമാം ജീവന്റെ നിലവിളി
ആവർത്തിച്ചാവർത്തിച്ചോതും വിശ്വമേ
മർത്ത്യന്റെ പില്ക്കാലം സ്പഷ്ടമായ് നിനക്കിത്ര
ഗ്രഹിക്കാൻ കഴിയുന്നതിലെന്തിത്ര പുതുമ?

ഭീമൻ തമോഗർത്തമാം രക്തതന്മാത്രകൾ
ആകെയീ വിശ്വത്തെ അനന്തമാക്കി
എന്നിട്ടും നിലയ്ക്കാത്ത ദുരാഗ്രഹപട്ടിക
ഇന്ന് ഒരു കരിമരുന്നായിതാ നിനക്കുമുന്നിൽ



എന്നിട്ടും എഴുതുകയാണെങ്ങുമീയാശയം
"അരുത് ലോകഗതിയെ ഉന്മൂലനാശത്തിലേക്ക് നയിക്കരുത്."
തൻ കർമ്മത്താൽ ജീർണിച്ച പോകുന്ന
അണ്ഡകോടിക്കായി എന്നും നിലവിളക്കാൻ
അധർമ്മത്തിന്റെ ഉൽഭവ കേന്ദ്രത്തിൽ
ആർക്കാണാർക്കാണധികാരം?

വാണിജ്യപരതയായി നിന്നെക്കണക്കാക്കി

വംശനാശത്തിന്റെ കുഴൽനാദം മുഴക്കുന്ന

മർത്ത്യന്റെയോർമ്മയിൽ,
ജീവശാസ്ത്രത്തിന്റെ ഗീതജപിക്കുന്നത്
പ്രകൃതിയാണെന്ന കാര്യമേ നിലച്ചു

വിശ്വമൊട്ടാകെ മൃഗീയ രൂപത്തിൽ
ഇന്നിതാ നിന്റെ നൃത്തച്ചുവടുകൾ
അവിശ്വസനീയമാം ഭൗതികജീവിതം
നിന്റെ മടിത്തട്ടിൽ നിന്നുതഭവിച്ചതായിട്ടും
ക്രൂര പ്രവർത്തിക്കും നീചകൃത്യങ്ങൾക്കും

അടിമയായി വാഴ്ത്തപ്പെടാനാണു നിന്റെ യോഗം
അല്ലയോ വിശ്വമേ! ഞാനും ചോദിക്കയായ്......
മർത്ത്യന്റെ പില്ക്കാലം സ്പഷ്ടമായ് നിനക്കിത്ര
ഗ്രഹിക്കാൻ കഴിയുന്നതിലെന്തിത്രപുതുമ?

-അഭിരാമി.എ

9 എ


കേരളാ ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്
രാജ്യപുരസ്ക്കാർ പരീക്ഷ ഡിസംബർ 2019
GHSS നിറമരുതൂരിന്
തിളക്കമാർന്ന വിജയം
പുരസ്കാര ജേതാക്കൾ
റഫ്സൽ
മുഹമ്മദ് ഷഫാൻ
മുഹമ്മദ് നാസിൽ
ലെനിൻരാജ്
അഖിൽ റഹ്മാൻ
വിഷ്ണു .ഇ.കെ
വിവേക്.പി
അശ്വിൻ.സി
കേരളാ ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് സംസ്ഥാന
കാംബൂരിലെ അഡ്വഞ്ചർ അവാർഡ് ജേതാക്കൾ
അഭിനന്ദനങ്ങൾ
PTA & STAFF GHSS നിറമരുതൂർ

## പ്രതിഭയെ ആദരിക്കൽ








ജൈവവൈവിധ്യപാർക്ക്



റേഡിയോ കണിക്കൊന്ന അവതാരകർ





അധ്യാപക വിദ്യാർഥി രക്ഷാകർത്തൃ സംഗമം



## ഉച്ചഭക്ഷണം






ഈ ഭൂമി ഒറ്റപ്പെട്ട വ്യക്തികളുടേയോ
ഒരു സമൂഹത്തിന്റെയോ
ഒരു രാഷ്ട്രത്തിന്റെയോ സ്വത്തല്ല.
എന്തിന് ഭൂമിയിലുള്ള
എല്ലാ മനുഷ്യരുടേയും കൂട്ടുസ്വത്തുമല്ല അത്.
ഭൂമിയുടെ ഗുണഭോക്താക്കൾ മാത്രമാണ് നമ്മൾ.
നമുക്ക് ലഭിച്ചതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ
വരുംതലമുറകൾക്ക് അത് കൈമാറാൻ
ബാധ്യതപ്പെട്ടവരാണ് നമ്മൾ
- കാറൽ മാർക്സ്



# പച്ചകുത്തിയകടൽ



ഹൃദയത്തിൽ
കവിത പച്ച കുത്തിയ
ഒരുവളുടെ
കണ്ണുകളേക്കാളും
നിഗൂഢമായൊരു
കടൽ വേറെ കണ്ടിട്ടുണ്ടോ...

ഓരോ തിരയിളക്ക-
ത്തിലും ഒരായിരം
വാക്കുകൾ ചേർത്തു
പിടിച്ച് പതിയെ
വരികളുടെ ആകാശപ്പെയ്-
ത്തിനെ കാത്തിരിക്കും.
അവളുടെ കണ്ണുകൾ...

പല ഭാവത്തിലുള്ള മീൻകുഞ്ഞുങ്ങൾ
പല പലയിടങ്ങളിൽ
ഒറ്റയ്ക്കും സംഘംചേർന്നും
കവിതകൾ മൂളി
ഉച്ചയുറക്കം വെടിഞ്ഞ്
അവളുടെ കൺ തിരകളിലൂടെ
ഒഴുകി നടക്കും...

പവിഴപ്പുറ്റിന്റെ ഉദ്യാന-
ത്തിൽ വർണശബളമാ

യൊരു പൂവിന്റെ
പുറത്തിരുന്നവൾ
കവിതകളുടെ രാജകുമാ-
രനെ പ്രതീക്ഷിച്ചൊട്ടുവിൽ
ഒരല്പം മയങ്ങിപ്പോകും...

ചുരുണ്ട മുടിയിഴകളെ
മേഘക്കാറ്റു തഴുകുമ്പോൾ
ഒളിപ്പിച്ചു വച്ച മുത്തുകൾ
കൊണ്ട്
ആകാശത്തിന്റെ
തിളങ്ങുന്ന മാറിൽ
കവിതകളുടെ ഏഴു നിറമുള്ള
ഒരു മഴവില്ല് അവൾ വരച്ചു ചേർക്കും....

ചുരുണ്ട മുടിയിഴകളെ
മേഘക്കാറ്റു തഴുകുമ്പോൾ
ഒളിപ്പിച്ചു വച്ച മുത്തുകൾ
കൊണ്ട്
ആകാശത്തിന്റെ
തിളങ്ങുന്ന മാറിൽ
കവിതകളുടെ ഏഴു നിറമുള്ള
ഒരു മഴവില്ല്അവൾ വരച്ച് ചേർക്കും...
നിഗൂഢമായൊരു
കടൽ അതിന്റെ
ഉപ്പുരസം മുഴുവൻ ചേർത്ത്
ആനന്ദത്തോടെ അവളുടെ
കണ്ണിൽ തിരയടിച്ചു കൊണ്ടിരിക്കും...

കവിത മധു



**Student Editor : Muflih Jameel**
**Associate Editors: Asriya**
**Manasa**
**Hafna**
**Hasna**
**Murshida**
**Jinsha Moideen**
**Fathima Ajinsha**
**Sreya Pradeep**
**Lena**
**Head Master : Ravikumar S**
**SITC : Prabhasree**
**Kite Mistress : Jisha M**
**Kite Master : Rijosh George**
**Photo : John J Paulo &Muflih Jameel**
**Page Design : Rijosh George**

## ഒടുക്കം

ഇതിവിടെ അവസാനിക്കുകയാണ്.
ഇന്നത്തെ സുന്ദരമായ നിമിഷങ്ങൾ
നാളത്തെ നല്ല ഓർമ്മകളാണല്ലോ.
ആ ഓർമ്മകൾക്ക് നിറം പകരുവാൻ
ഇതുപകരിച്ചുവെന്നാൽ
ധന്യരായി ഞങ്ങൾ
കൂടെ നിന്നവരോട്
സഹകരിച്ചവരോട്....
നന്ദി......
ഹൃദയം നിറഞ്ഞ നന്ദി....